LIBRARY ARCHIVES Kerala Legislative Assembly

നിലമ്പൂർ നോർത്ത്:- നിർദ്ദിഷ്ട മുണ്ടേരി - അരണപ്പുഴ റീച്ചിലെ മലയോര ഹൈവേ മലപ്പുറം ജില്ലയിൽ പൂർണ്ണമായും, വനഭൂമിയിലൂടെയാണ് കടന്നു പോകുന്നത്. ഈ പാത കടന്നു പോകുന്ന നിലമ്പൂർ കോവിലകം നിക്ഷിപ്ത വനം, ദുരന്ത നിവാരണ അതോറിറ്റിയുടെ പഠന പ്രകാരം അതീവ ദുരന്ത സാദ്ധ്യതാ മേഖലയിൽ ഉൾപ്പെടുന്നതാണ്. ഈ പാതയുടെ ആരംഭ ഭാഗത്തിന് അടുത്താണ് നിരവധി പേരുടെ ജീവൻ കവർന്ന ഉരുൾപൊട്ടൽ ഉണ്ടായ കവളപ്പാറ. ഈ പാത വയനാട്ടിലേക്ക് പ്രവേശിക്കുന്ന ഭാഗത്തിനടുത്താണ് ഉരുൾപൊട്ടൽമൂലം അനേകം പേരുടെ ജീവൻ കവർന്ന പുത്തുമല സ്ഥിതി ചെയ്യുന്നത്. മലയോര ഹൈവേയുടെ ഈ ഭാഗത്തെ നിർമ്മാണം കീഴ്ക്കാംതൂക്കായ മലകളെ മുറിച്ചു കൊണ്ടാണ് കടന്നുപോകുന്നത്. ആയത് രൂക്ഷമായ മണ്ണിടിച്ചിലിനും, ഉരുൾപൊട്ടലിനും, മനുഷ്യജീവന്റെ നാശത്തിനും കാരണമാകും. നിർദ്ദിഷ്ട പാത ഉൾപ്പെടുന്ന വനഭൂമിയിലൂടെ നിലവിൽ റോഡ് ഇല്ലാത്തതാണ്. റോഡ് നിർമാണത്തിനായി ആയിരക്കണക്കിന് മരങ്ങൾ മുറിച്ച് മാറ്റേണ്ടി വരും. ഈ വനഭൂമി നിലമ്പൂർ എലിഫെന്റ് കോറിഡോർ, നീലിഗിരി ബയോസ്ഫിയർ റിസർവ് എന്നിവയിൽ ഉൾപ്പെടുന്ന വനമേഖലയാണ്. ആന ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ വയനാട് ഭാഗത്ത് നിന്നും, നീലഗിരി ഭാഗത്തേയ്ക്ക് കടന്നു പോകുന്നത്, നിർദ്ദിഷ്ട പാത ഉൾപ്പെടുന്ന ഭാഗം മുറിച്ചു കടന്നാണ്. ഈ പാതയുടെ നിർമ്മാണം ആനത്താരയെയും, മറ്റു മൃഗങ്ങളുടെ സഞ്ചാരപാതയെയും വിഭജിക്കുകയും, വന്യജീവികളുടെ സഞ്ചാരത്തെ തടസ്സപ്പെടുത്തുകയും ചെയ്യും. ഇത് ഈ വനമേഖലയ്ക്ക് ചുറ്റുമുള്ള മനുഷ്യ വന്യജീവി സംഘർഷം വർദ്ധിക്കുന്നതിന് ഇടയാക്കും.

കോതമംഗലം തേര കോളനി റോഡ് നിർമ്മാണം

143 (449) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി ഒരു കോടി രൂപയുടെ വികസനത്തിന് അനുമതി ലഭിച്ചിട്ടുള്ള തേര ആദിവാസി കോളനിയിലെ റോഡ് നിർമ്മാണത്തിന് വനം വകുപ്പിൽ നിന്ന് അനുമതി ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോതമംഗലം മണ്ഡലത്തിൽ അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി ഒരു കോടി രൂപയുടെ വികസനത്തിന് അനുമതി ലഭിച്ചിട്ടുള്ള തേര ആദിവാസി കോളനിയിലെ റോഡ് നിർമ്മാണത്തിന് വനം വകുപ്പിൽ നിന്ന് അനുമതി ആവശ്യപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ നിലവിലുള്ള റോഡിന്റെ കോൺക്രീറ്റിംഗിന് വനം വകുപ്പിൽ നിന്ന് അനുമതി നേടിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത അനുമതി വൈകുന്നതിനുള്ള കാരണം വിശദമാക്കാമോ?

കല്ലേലിമേട് - തേര ആദിവാസി കോളനി റോഡ് കോൺക്രീറ്റിംഗിന് വനാവകാശ നിയമപ്രകാരം അനുമതി ആവശ്യപ്പെട്ടുകൊണ്ട് യൂസർ ഏജൻസിയായ മൂവാറ്റുപുഴ ടൈബൽ ഓഫീസറുടെ അപേക്ഷ മലയാറ്റൂർ ഡിവിഷനിൽ ലഭിച്ചിരുന്നു. റോഡ് കോൺക്രീറ്റിംഗ് സംബന്ധിച്ച തീരുമാനം, തേര കോളനിയുടെ ഊരുകൂട്ടത്തിൽ വനാവകാശ നിയമം അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചാണോ എടുത്തിട്ടുള്ളത് എന്നുള്ളത് അറിയിക്കുവാൻ യൂസർ ഏജൻസിയോട് 17-3-2021-ൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 12-7-2021-ന് മാത്രമാണ് യൂസർ ഏജൻസിയിൽ നിന്ന് റിപ്പോർട്ട് ലഭ്യമായത്. ആയതിന്റെ അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധനകൾ നടത്തി തുടർനടപടികൾ സ്വീകരിച്ചു വരികയാണ്.

(സി) വിവിധ വികസന പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിട്ടുള്ള തേര ആദിവാസി കോളനിയിൽ പ്രസ്തുത റോഡ് നിർമ്മാണം പൂർത്തിയാകാതെ മറ്റ് വികസന പ്രവർത്തനങ്ങൾ സാധ്യമാകില്ല എന്നതിനാൽ റോഡ് നിർമ്മാണത്തിനുള്ള അനുമതി അടിയന്തരമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

വനാവകാശനിയമം, അനുബന്ധ നിയമങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ കല്ലേലിമേട്-തേര കോളനി റോഡ് കോൺക്രീറ്റിംഗുമായി ബന്ധപ്പെട്ട് ഉചിതമായ തുടർനടപടി സ്വീകരിക്കുന്നതാണ്.

വനം വകുപ്പിലെ വാച്ചർ നിയമനം

144 (450) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിലെ വിവിധ വാച്ചർ തസ്തികകളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടോ?

നിലവിലുണ്ട്.

(ബി) ഇവയിൽ നിന്ന് എത്ര നിയമനങ്ങൾ നടന്നുവെന്നും നിലവിലുള്ള ഒഴിവുകൾ എത്രയെന്നും പ്രസ്തുത തസ്തികകളിലെ അംഗീകൃത അംഗബലം എത്രയെന്നും വിശദമാക്കാമോ?

സംസ്ഥാനത്ത് വാച്ചർ തസ്തികയിൽ നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ നിന്നും എൻ.ജെ.ഡി. ഉൾപ്പെടെ ആകെ 157 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. എൻ.ജെ.ഡി. ഉൾപ്പെടെ 9 ഒഴിവുകൾ നിലവിലുണ്ട്. ടി ഒഴിവുകളെല്ലാം തന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വാച്ചർ തസ്തികയുടെ ആകെ അംഗീകൃത അംഗബലം 209 ആണ്.